"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വിതുര അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2218/2026/HOME തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-

1. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 01.10.2025-ലെ CE/BL/PL1/TVM/8440/ 2025_5_1_1 നമ്പർ കത്ത്.
2. കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 01.11.2025, 25.02.2026 തീയതികളിലെ FIREHQ/1760/2023-F1 നമ്പർ കത്ത്.

**ഉത്തരവ്**

വിതുര അഗ്നിരക്ഷാ നിലയം നിലവിൽ പോലീസ് വകുപ്പിന്റെ അധീനതയിലുള്ള താൽക്കാലികമായി അനുവദിച്ചിട്ടുള്ള പഴക്കം ചെന്ന നാല് സിംഗിൾ ക്വാർട്ടേഴ്സുകളിലായി പരിമിതമായ സ്ഥലത്താണ് പ്രവർത്തിച്ചുവരുന്നത്. നിലവിലെ സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും അഗ്നിരക്ഷാ വാഹനങ്ങളും മറ്റ് ഉപകരണങ്ങളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും പ്രയാസം നേരിടുന്നുണ്ട്. കൂടാതെ, പ്രദേശത്ത് വർദ്ധിച്ചുവരുന്ന അപകടങ്ങളിൽ രക്ഷാ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അവിടെ സുസജ്ജമായ ഒരു ഫയർ സ്റ്റേഷന്റെ ആവശ്യകത അനിവാര്യമാണെന്നും ആകയാൽ വിതുര അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിന് ലഭിച്ച പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 456.40 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം(2) കത്ത് പ്രകാരം ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിലെ വിതുര അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് 4059-60-051-88-00 അഗ്നിപ്രതിരോധവും നിയന്ത്രണവും" എന്ന ശീർഷകത്തിൽ നിന്ന് 456.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിൻഹാജ് ആലം ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.
3) ധനകാര്യ വകുപ്പ് (3347565/EXP-B4/121/2025-FIN).
4) ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്.
5) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
6) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 04-07-2026 11:33:42